ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഈ കാര്യത്തെ സംബന്ധിച്ച് ശ്രീമതി ഗൗരിയമ്മയുടെ ഒരു കത്ത് എനിക്ക് നേരത്തെ കിട്ടിയിരുന്നു. കത്ത് കിട്ടിയപ്പോൾതന്നെ അതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കാനും ബന്ധപ്പെട്ട ജനപ്രതിനിധികളേയും മറ്റുള്ളവരേയും വിളിച്ച് ഒരു കോൺഫറൻസ് നടത്തി ശക്തമായ നടപടി ഈ കാര്യത്തിൽ സ്വീകരിക്കാനും ഞാൻ ആലപ്പുഴ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ പല ഡിപ്പാർട്ടുമെൻറുകളും ഇൻവോൾവ്ഡാണ്. അതു കൊണ്ട് കളക്ടറുടെ പ്രാഥമിക കോൺഫറൻസിനുശേഷം എല്ലാവരുംകൂടി ചേർന്നുകൊണ്ടേ എന്തെങ്കിലും ചെയ്യാൻ പറ്റുകയുള്ളൂ. ഏതായാലും ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ഉണ്ടായിട്ടുള്ള ഈ ബുദ്ധിമുട്ട് പരിഹരിക്കേണ്ടത് ആവശ്യമാണ്. അതിന് കളക്ടർ നിയമാനുസൃത നടപടി സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിൻെറ റിപ്പോർട്ട് കിട്ടി കഴിഞ്ഞാൽ അനന്തര നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അങ്ങനെ ഒരു കോൺഫറൻസ് നടന്നിട്ടില്ല. ഞാൻ മിനിഞ്ഞാന്നാണ് ആലപ്പുഴയിൽനിന്ന് വന്നത്.

ശ്രീ. വി. എം. സുധീരൻ: കളക്ടർക്ക് കമ്മ്യൂണിക്കേഷൻ പോയിട്ടുണ്ടാകും. ഞാൻ ഒന്നുകൂടി അന്വേഷിക്കാം.

(10) മുഴക്കീൽ, കാടങ്കോട് പ്രദേശങ്ങളിൽ ഉണ്ടായ ഭക്ഷ്യ വിഷബാധ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): സർ, ഇത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഗവൺമെൻറിൻെറയും ആരോഗ്യവകുപ്പു മന്ത്രിയുടേയും ശ്രദ്ധയിൽ ഞാൻ ഇത് പെടുത്തുകയാണ്. ഇക്കഴിഞ്ഞ 9-ാം തീയതി എൻെറ മണ്ഡലത്തിലെ ചെറുവത്തൂർ പഞ്ചായത്തിലെ മുഴക്കീൽ, കാടങ്കോട് പ്രദേശങ്ങളിൽ ഭക്ഷ്യവിഷബാധയേറ്റ് കുട്ടികളും സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടെ എഴുപതിൽപ്പരം ആളുകൾ ജില്ലാ ആശുപത്രിയിൽ ചികിൽസയിലാണ്. ഇവരുടെ രോഗലക്ഷണങ്ങളായി കാണുന്നത് കടുത്ത പനിയും തലവേദനയും നടുവുവേദനയുമാണ്. പ്രസ്തുത പ്രദേശത്തെ ജനങ്ങൾ വളരെ ഉത്കണ്ഠയിലാണ്. അടിയന്തിര പ്രതിരോധ നടപടികൾ ഉണ്ടാകണം. അതോടൊപ്പംതന്നെ ഞാൻ വേറൊരു സബ്മിഷനും കൊടുത്തിരുന്നു. കാസർകോട് ജില്ലാ ആശുപത്രിയിലാണ് ഈ രോഗികളൊക്കെ ഉള്ളത്. ഇത്തരം അസാധാരണ ഘട്ടങ്ങൾ വരുമ്പോൾ ചികിൽസ ലഭിക്കേണ്ടതേ കാസർകോട് ജില്ലാ ആശുപത്രിയിൽ നിന്നാണ്. അവിടെ കാഷ്വാലിറ്റിയിൽ ഇപ്പോൾ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ എണ്ണം നാലാണ്. പക്ഷേ നിലവിൽ ഒറ്റ ഡോക്ടർ മാത്രമാണുള്ളത്. അതുപോലെതന്നെ ഒരു വർഷക്കാലമായി അവിടെ ഒരു സർജൻെറ പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. കഴിഞ്ഞ വർഷം ജനറൽ ട്രാൻസ്ഫർ നടന്നപ്പോൾ സ്ഥലം മാറിയതിനു ശേഷം പുതിയ ഡോക്ടറെ പോസ്റ്റ് ചെയ്തില്ല. അതുകൊണ്ടുതന്നെ ഇത്തരം അത്യാവശ്യ ഘട്ടങ്ങളിൽ ചികിൽസ ലഭിക്കേണ്ടുന്ന രോഗികൾ വളരെയേറെ വിഷമിക്കുകയാണ്. അതുപോലെതന്നെ കാസർകോട്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റ് മാത്രമാണുള്ളത്. അവർ 24 മണിക്കൂറും ജോലി ചെയ്യേണ്ടി വരുന്നു. ഒരു ജില്ലാശുപത്രി എന്ന നിലയിൽ ഈ ഡോക്ടർമാരുടെ അനുപാതം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളുണ്ടാകണം. അതോടൊപ്പം കാഷ്വാലിറ്റിയിലും, ഒഴിവുള്ള മറ്റ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും അടിയന്തിരമായി നിയമിക്കാൻ നടപടി ഉണ്ടാകണം. കൂടാതെ ഭക്ഷ്യവിഷബാധയേറ്റ് ചികിൽസയിൽ കഴിയുന്നവർക്ക് അത്യാവശ്യ മരുന്നുകളും മറ്റും ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട നാരായണൻ (ഹോസ്ദുർഗ്) രണ്ട് കാര്യങ്ങളാണ് ഉന്നയിച്ചത്. ഒന്ന് കാസർഗോഡ് ഉണ്ടായ ഭക്ഷ്യവിഷബാധയെ സംബന്ധിച്ചാണ്. ഈ സംഭവം പത്രത്തിൽ വായിച്ചപ്പോൾ തന്നെ ഞാൻ കാസർഗോഡ് കളക്ടറുമായിട്ട് ബന്ധപ്പെട്ടിരുന്നു. കളക്ടറുടെ മെസേജ് എനിക്കു കിട്ടിയിട്ടുണ്ട്. അതിൽ പറയുന്നത് "Due to food poisoning, 74 persons in Cheruvathoor village in Hosdurg taluk have been admitted in the District hospital, Kanjangad on 7-3-1996, 10-3-1996 and 11-3-1996. The victims consist of 18 males, 35 females, 13 female children and 8 male children. All of them have taken food from a house in Cheruvathoor village after a religious function, that is 'Theyyamkettu'. No cases are reported to be serious. All the admitted persons are under proper care and situation is under control." അവിടെ ആശങ്കാജനകമായ ഒന്നുമില്ല. സിറ്റുവേഷൻ കൺട്രോളിലാണ്.

പിന്നെ ബഹുമാനപ്പെട്ട നാരായണൻ ഉന്നയിച്ച മറ്റൊരു പ്രശ്നം ഡോക്ടർമാരുടെ കാര്യമാണ്. ഇവിടെ അദ്ദേഹം പറഞ്ഞത് അനുസരിച്ച് നേരത്തേ പി.എസ്.സി.-ൽ നിന്ന് ഡോക്ടർമാരെ പോസ്റ്റ് ചെയ്തിരുന്നുവെങ്കിലും അവർ പോയി ജോയിൻ ചെയ്തിട്ടില്ല. ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ പോരായ്മ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഇന്നലെത്തന്നെ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(11) നാദാപുരം ആശുപത്രി വികസിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സത്യൻ മൊകേരി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരുശുപത്രിയാണ് നാദാപുരം ഗവൺമെന്റ് ആശുപത്രി. അതൊരു പ്രത്യേക കാറ്റഗറിയിൽ പെട്ടതാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുമല്ല, താലൂക്ക് ലെവൽ ആശുപത്രിയുമല്ല. മുമ്പ് ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് തുടങ്ങിയ ആശുപത്രിയാണ്. ഇതുപോലുള്ള മറ്റ് ചില ആശുപത്രികളുമുണ്ട്. ഇതൊരു പ്രത്യേക കാറ്റഗറിയിൽപ്പെട്ട ആശുപത്രിയായതുകൊണ്ടും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പോലും സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടും ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും കുറവുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനുള്ളത് ഇതിന്റെ ഗ്രേഡ് ഉയർത്തുന്നതിനുവേണ്ടി തയ്യാറാകണമെന്നാണ്. ഇത് ഞാൻ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly